# നാളെയുടെ കൊച്ചിക്കായുള്ള സ്വപ്ന സാക്ഷാൽക്കാരം

**സിദ്ദീഖ്**
(സംവിധായകൻ)



കുറേ വർഷങ്ങൾക്കു മുൻപ് ദുബായിൽ മെട്രോ തുടങ്ങിയപ്പോൾ ആ യാത്രയുടെ കൗതുകം അറിയാനായി തന്നെ ഞാൻ അവിടെ പോയിട്ടുണ്ട്. തുടക്കത്തിൽ തന്നെ ആ രസം അറിയാൻ വിനോദസഞ്ചാരികളെപ്പോലെ മെട്രോയിൽ യാത്ര ചെയ്യുന്നവരായിരുന്നു ഏറെ. വലിയ തിരക്കില്ല. വൻ തുക മുടക്കിയ മെട്രോ നഷ്ടത്തിലാവുമെന്നൊക്കെ അന്നു പറഞ്ഞു കേട്ടിരുന്നു. എന്നാൽ അടുത്തിടെ വീണ്ടും ദുബായ് മെട്രോയിൽ യാത്ര ചെയ്തപ്പോൾ വൻ തിരക്കാണ്. ജനങ്ങളുടെ ജീവിതശൈലിയുടെ തന്നെ ഭാഗമായിരിക്കുന്നു മെട്രോ. ലോകത്തിലെ വൻ നഗരങ്ങളുടെയെല്ലാം പ്രത്യേകതയാണത്. ആ നഗരങ്ങളുടെയെല്ലാം മുഖമുദ്രയാണു മെട്രോ.




അങ്ങനെയുള്ള മെട്രോ റെയിൽ കൊച്ചിയിലുമെത്തുമ്പോൾ അതു നമ്മുടെ നാടിന്റെ വികസന വഴിയിലെ വലിയൊരു കുതിപ്പാവുകയാണ്. വിമാനത്താവളം പോലുള്ള പല വലിയ പദ്ധതികളും ഒരു വിഭാഗം ജനങ്ങളെ മാത്രം ബാധിക്കുന്നതോ പൊതുജനങ്ങളുമായി നേരിട്ടു ബന്ധമില്ലാത്തവയോ ആയിരിക്കും. പക്ഷേ, മെട്രോ എല്ലാ വിഭാഗം ജനങ്ങളുടെയും പദ്ധതിയാണ്. പലരും കേട്ടറിഞ്ഞിട്ടു മാത്രമുള്ള മെട്രോ എന്ന അത്യാധുനിക യാത്രാസംവിധാനം എന്തെന്നു കൊച്ചിക്കാർ അനുഭവിക്കാൻ പോവുകയാണ്. കൊച്ചിയിലെ ഗതാഗതക്കുരുക്കിൽ മനംമടുത്തിട്ടുള്ള എല്ലാ ജനങ്ങൾക്കും ആശ്വാസമാവും മെട്രോ. 10-15 മിനിറ്റു കൊണ്ടെത്തേണ്ട സ്ഥാനത്ത് എത്താൻ മണിക്കൂറുകൾ വേണ്ടിവരുന്ന റോഡ് ഗതാഗതത്തിന്റെ സ്ഥാനത്ത് സമയകൃത്യത മുഖമുദ്രയായ മെട്രോ ഗതാഗത വിപ്ലവം തന്നെയാവും.

ചെറിയ കാര്യങ്ങൾക്കു പോലും വഴിതടയലും ഹർത്താലും ഇത്രയേറെ നടക്കുന്ന മറ്റൊരു നാട് കേരളമല്ലാതെ മറ്റൊന്നുമുണ്ടാവില്ല. ജനകീയ പ്രസ്ഥാനങ്ങൾ എന്നു പറയുന്നവർ തന്നെയാണ് ഇങ്ങനെ ജനങ്ങളെ ഒരു മടിയുമില്ലാതെ ബുദ്ധിമുട്ടിക്കുന്നത്. ജനജീവിതം സ്തംഭിപ്പിക്കുകയാണ്. ഇതിൽനിന്നു മെട്രോ റെയിലിനെയെങ്കിലും മോചിപ്പിക്കാൻ തയാറാവണം എന്നാണ് അഭ്യർഥന. അതും ജനത്തിനു വലിയൊരു ആശ്വാസമാകും.

മെട്രോ റെയിലിനോടനുബന്ധിച്ച് സ്വകാര്യ ബസുകളുടെ സർവീസിലും പൊളിച്ചെഴുത്ത് ആവശ്യമാണ്. ബസുകളുടെ മൽസരഓട്ടമെങ്കിലും നിയന്ത്രിക്കാൻ മെട്രോ റെയിൽ വരുന്നതോടെ കഴിഞ്ഞേക്കും. വൻ നഗരങ്ങളിൽ മെട്രോ സ്റ്റേഷനുകളോടു ബന്ധപ്പെട്ട് വലിയ പാർക്കിങ് ഏരിയയുണ്ട്. അവിടെ കാർ പാർക്ക് ചെയ്തിട്ടാണു ജനം മെട്രോയിൽ സഞ്ചരിക്കുക. കൊച്ചിയിലെ സാഹചര്യത്തിൽ അങ്ങനെ വിശാലമായ പാർക്കിങ് സ്ഥലം കണ്ടെത്തുക ബുദ്ധിമുട്ടാവും. മറ്റു പൊതു ഗതാഗത സർവീസുകളെ മെട്രോയുമായി ഏകോപിപ്പിക്കുന്നതാവും ഒരു പരിഹാരമാർഗം. നഗരത്തിൽ ഏറ്റവും കൂടുതൽ ആൾക്കാർ എത്തുന്ന ഹൈക്കോടതിയിലേക്കു മെട്രോ ഇല്ലെങ്കിലും അതിന് ഏറെ അകലെയല്ലാതെ എംജി റോഡിൽ സ്റ്റോപ്പുണ്ട്. പദ്ധതി തുടങ്ങുമ്പോഴാണ് അതിന്റെ മേൻമയും പോരായ്മകളുമെല്ലാം വ്യക്തമാവുക. പക്ഷേ, ഇതു നാളെയുടെ കൊച്ചിക്കു വേണ്ടിയുള്ള ഏറ്റവും വലിയ ഒരു സ്വപ്ന സാക്ഷാൽക്കാരമാണ്. പോരായ്മകൾ ഉണ്ടായാൽ അതു പരിഹരിച്ചു മുന്നോട്ടുകൊണ്ടുപോവുക തന്നെ വേണം.

# മെട്രോയുടെ സൗജന്യ സൈക്കിൾസവാരി പദ്ധതിക്കു തുടക്കം

ഇനി
**11**
ദിവസം

## മാസം 100 മണിക്കൂർ സൈക്കിൾ ചവിട്ടാം



കൊച്ചി നഗരത്തിൽ കെഎംആർഎൽ ആരംഭിച്ച സൗജന്യ സൈക്കിൾ സവാരി സംവിധാനം ഉദ്ഘാടനം ചെയ്ത ശേഷം സൈക്കിളിൽ സഞ്ചരിക്കുന്ന എംഡി ഏലിയാസ് ജോർജ്.

കൊച്ചി ● പരിസ്ഥിതി സൗഹൃദ പൊതുഗതാഗതമെന്ന ലക്ഷ്യത്തിലേക്കുള്ള ചുവടുവയ്പായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെഎംആർഎൽ) ആരംഭിച്ച സൈക്കിൾ ക്ലബ്, പരിസ്ഥിതി ദിനത്തിൽ മാനേജിങ് ഡയറക്ടർ ഏലിയാസ് ജോർജ് ഉദ്ഘാടനം ചെയ്തു.

നഗരത്തിൽ നാലിടത്തു റാക്കിൽ വച്ചിരിക്കുന്ന സൈക്കിളുകൾ ആവശ്യക്കാർക്ക് എടുത്തു ചവിട്ടാം. പണം നൽകേണ്ടതില്ല. കൂടുതൽ ആളുകൾ സൈക്കിളുകൾ ഉപയോഗിച്ചാൽ നഗരത്തിൽ കൂടുതൽ സ്ഥലങ്ങളിലേക്കു പദ്ധതി വ്യാപിപ്പിക്കുമെന്ന് ഏലിയാസ് ജോർജ് പറഞ്ഞു.

മേനക ജംക്‌ഷനിൽ ഗേറ്റ്‌വേ ഹോട്ടലിന് എതിർവശത്തും കലൂർ സ്റ്റാൻഡിനു സമീപം കെകെ റോഡിലും നോർത്ത് റെയിൽവേ സ്റ്റഷനു സമീപം പാലത്തിനു താഴെയും സൗത്ത് റെയിൽവേ സ്റ്റേഷന്റെ മുഖ്യ കവാടത്തിലുമാണു സൈക്കിൾ റാക്കുകൾ. സൈക്കിൾ ക്ലബിൽ എസ്എംഎസ് വഴി അംഗത്വമെടുക്കുന്നവർക്കു സൈക്കിൾ ഉപയോഗിക്കാം. മാസത്തിൽ 100 മണിക്കൂർ വരെയാണു പരമാവധി ഉപയോഗം. 100 മണിക്കൂർ കഴിഞ്ഞാൽ റാക്കിൽ നിന്നു സൈക്കിൾ എടുക്കാനാവില്ല.

യാത്രയ്ക്കായി എടുക്കുന്ന സൈക്കിൾ അവിടെത്തന്നെയോ മറ്റു മൂന്നു റാക്കിലോ തിരിച്ചു വയ്ക്കാം. അംഗത്വത്തിനു പേര്-സ്പേസ്-വിലാസം-സ്പേസ്-മെയിൽ ഐഡി-സ്പേസ്-തൊഴിൽ-സ്പേസ് എന്ന ക്രമത്തിൽ 9645511155 എന്ന നമ്പറിലേക്ക് എസ്എംഎസ് അയയ്ക്കണം.

KOCHI METRO RAIL LIMITED

സൈക്കിൾ ഉപയോഗിക്കാൻ റാക്ക് കോഡ്-സ്പേസ്-സൈക്കിൾ ഐഡി-സ്പേസ് എന്ന ക്രമത്തിൽ 9645511155 എന്ന നമ്പറിലേക്ക് എസ്എംഎസ് അയച്ചാൽ മതി. സൈക്കിൾ തിരിച്ചുവയ്ക്കാൻ റാക്ക് കോഡ്-സ്പേസ്-സൈക്കിൾ ഐഡി എന്ന ക്രമത്തിൽ 9744011777 എന്ന നമ്പറിലേക്ക് എസ്എംഎസ് അയയ്ക്കണം. സൈക്കിൾ തിരിച്ചു വയ്ക്കുമ്പോൾ അതു ശരിയായ രീതിയിൽ പൂട്ടിയെന്ന് ഉറപ്പാക്കണം.

സൈക്കിൾ ഷെയറിങ്ങിനു പുറമെ നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ടിന്റെ ഭാഗമായി സൈക്കിളുകൾക്കു മാത്രമായി പ്രത്യേകം വഴികൾ, നടപ്പാത, കാൽനടക്കാർക്കു റോഡ് കുറുകെ കടക്കാനുള്ള സൗകര്യങ്ങൾ എന്നിവയും കെഎംആർഎൽ ഒരുക്കുമെന്നു ഏലിയാസ് ജോർജ് പറഞ്ഞു.